(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര ഹെക്ടറിൽ നെൽകൃഷി ഉണ്ടായിരുന്നു ; ഇപ്പോൾ എത്ര ഹെക്ടറിൽ നെൽകൃഷി ഉണ്ടെന്ന് പറയാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തരിശ്ശായികിടന്ന എത്ര ഹെക്ടർ ഭൂമിയിലാണ് കൃഷി പുനരാരംഭിച്ചത് ; ഇതുവഴി എത്ര ടൺ നെല്ല് അധിക മായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു എന്നുപറയാമോ ;

(സി) കൃഷിനാശം സംഭവിച്ച എത്ര കർഷകർക്ക് എത്ര രൂപ വീതം കഴിഞ്ഞ വർഷം നഷ്ടപരിഹാരം നൽകി എന്നുപറയാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് 2.13 ലക്ഷം ഹെക്ടറിൽ നെൽകൃഷി ഉണ്ടായിരുന്നു. 2013-14 വർഷം 1.99 ലക്ഷം ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിട്ടുണ്ട്. 2014-15 വർഷത്തേക്കുള്ള കണക്ക് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. എന്നാൽ മുൻ വർഷത്തേക്കാൾ 5000 ഹെക്ടർ അധികം നെൽകൃഷി ചെയ്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തരിശ്ശായികിടന്ന 8490 ഹെക്ടർ ഭൂമിയിലാണ് കൃഷി പുനരാരംഭിച്ചത്. ഇതുവഴി 32846 മെട്രിക് ടൺ നെല്ല് അധികമായി ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞു.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം കൃഷിനാശം സംഭവിച്ച 36120 കർഷകർക്കായി 1593.65094 ലക്ഷം രൂപയുടെ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ ജൈവ പച്ചക്കറി കൃഷി

124 (2757) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് കൃഷിവകുപ്പ് നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) ഗ്രോ ബാഗുകളുടെ വിതരണം ഈ വർഷം ഏതെല്ലാം കൃഷി ഭവനു കളിലാണ് നടപ്പിലാക്കുന്നത് ;

(സി) അതിന് എത്ര രൂപയാണ് കർഷകരിൽനിന്നും ഈടാക്കുന്നത് ; സബ്സിഡി തുക എത്രയാണ് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2015-16-ൽ പാലക്കാട് ജില്ലയിൽ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതി ഘടകങ്ങളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ:

1. പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക:- 20 രൂപ വിലയുള്ള 1.8ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും 35700 കിറ്റുകൾ വീട്ടമ്മമാർ മുഖേനയും പുരയിടകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി സൗജന്യമായി നൽകുന്നുണ്ട്.

2. അർബൻ ക്ലസ്റ്റർ പ്രോത്സാഹനം:- 2000 രൂപ വിലയുള്ള 2000 ഗ്രോബാഗ് യൂണിറ്റുകൾ (50000 ഗ്രോബാഗുകൾ) 75 ശതമാനം സബ്സിഡി നിരക്കിൽ മട്ടുപ്പാവ് കൃഷിക്കായി വിതരണം ചെയ്യുന്നു. ഒരു യൂണിറ്റിന്റെ ഗുണഭോക്തൃവിഹിതം 500 രൂപയാണ്.

3. വിദ്യാഭ്യാസ/ഇതര സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി:-
(എ) തെരഞ്ഞെടുത്ത 590 സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 23.6 ലക്ഷം രൂപയും പ്രവർത്തന ചെലവുകൾക്കായി 5.9ലക്ഷം രൂപയും സഹായധനം നൽകുന്നു.
(ബി) 45 ജലസേചന യൂണിറ്റുകൾക്കായി 4.5 ലക്ഷം രൂപ ധനസഹായം നൽകുന്നു.
(സി) പ്രോജക്ട് അടിസ്ഥാനത്തിൽ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷിക്കായി 15 ലക്ഷം രൂപ ധന സഹായം നൽകുന്നു.

4. ജില്ലാ ക്ലസ്റ്റർ വികസനം:-
(എ) തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 65 കാര്യക്ഷമമായ ക്ലസ്റ്ററുകളുടെ വികസനത്തിന് ക്ലസ്റ്ററിന് 75,000 രൂപ നിരക്കിൽ ആകെ 48.75 ലക്ഷം രൂപ ധനസഹായം നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എ) തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 65 കാര്യക്ഷമമായ ക്ലസ്റ്ററുകളുടെ വികസനത്തിന് ക്ലസ്റ്ററിന് 75,000 രൂപ നിരക്കിൽ ആകെ 48.75 ലക്ഷം രൂപ ധനസഹായം നൽകുന്നു.

(ബി) സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഹെക്ടറിന് 15,000 രൂപ നിരക്കിൽ 300 ഹെക്ടറിന് 45 ലക്ഷം രൂപ ധനസഹായം നൽകുന്നു.

(സി) 115 പമ്പ് സെറ്റുകൾക്ക് 10,000 രൂപ നിരക്കിൽ 11.5 ലക്ഷം രൂപ സഹായധനം നൽകുന്നു.

(ഡി) സസ്യസംരക്ഷണ ഉപാധികൾ 80 യൂണിറ്റിന് 1,500 രൂപ നിരക്കിൽ 1.2 ലക്ഷം രൂപ സഹായധനം.

(ഇ) ഇന്നവേഷൻ ഫണ്ട് - ക്ലസ്റ്ററുകളിലെ നൂതനവും ജൈവവുമായ പ്രവർത്തനങ്ങൾക്കായി 3 ലക്ഷം രൂപ ജില്ലയ്ക്കനുവദിച്ചിരിക്കുന്നു.

(എഫ്) തരിശുനില കൃഷി ഹെക്ടറിന് 30,000 രൂപ നിരക്കിൽ 45 ഹെക്ടറിന് 13.5 ലക്ഷം രൂപ ധനസഹായം നൽകുന്നു.

5. <u>"എ" ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം:-</u>

5 (എ) നടപ്പുവർഷത്തിലെ 4 പ്രവർത്തനക്ഷമമായ ക്ലസ്റ്ററുകൾക്ക് ഗ്രേഡിങ്ങിന്റെ അടിസ്ഥാനത്തിൽ 6.3 ലക്ഷം രൂപ നിരക്കിൽ 25.2 ലക്ഷം രൂപ ധനസഹായം നൽകുന്നു.

(ബി) 2014-15-ൽ ഗ്രേഡ് ചെയ്യപ്പെട്ട 61 ക്ലസ്റ്ററുകളുടെ പ്രവർത്തനത്തിനായി 1ലക്ഷം രൂപ നിരക്കിൽ 61 ലക്ഷം രൂപ ധനസഹായം നൽകുന്നു.

6. <u>സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം:-</u> തെരഞ്ഞെടുക്കപ്പെട്ട ക്ലസ്റ്ററുകളിൽ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സൂക്ഷ്മമൂലകങ്ങളുടെ വള പ്രയോഗത്തിനായി 3.78 ലക്ഷം രൂപ ധനസഹായം നൽകുന്നു.

7. <u>ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികൾ:-</u> ബ്ലോക്ക്തല

7

ഫെഡറേറ്റഡ് സമിതിയുടെ രൂപീകരണത്തിനായി 10ലക്ഷം രൂപ സഹായധനം നൽകുന്നു. നിലവിലുള്ള 2 സമിതികൾക്ക് 5 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകുന്നു.

8 8. നഴ്സറികളുടെ സ്ഥാപനം:- ബ്ലോക്ക് തലത്തിൽ പുതിയ നഴ്സറിക്ക് 7 ലക്ഷം രൂപ ധനസഹായം നൽകുന്നു. നിലവിലുള്ള 3 നഴ്സറികൾക്ക് 2 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് നൽകുന്നു.

9 9. മഴ മറകൾ:- 75 ശതമാനം നിരക്കിൽ 80 മഴമറകൾക്ക് 50,000 രൂപ വീതം 40ലക്ഷം രൂപ ധനസഹായം.

10 10. സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വള പ്രയോഗവും:- 125 യൂണിറ്റുകൾക്ക് 30,000 രൂപ വീതം 37.5 ലക്ഷം രൂപ ധനസഹായം നൽകുന്നു.

ജൈവ രീതിയിലുള്ള പച്ചക്കറി കൃഷിയെക്കുറിച്ചും സുരക്ഷിതമായ രീതിയിലുള്ള കീടരോഗനിയന്ത്രണ മാർഗ്ഗങ്ങളെപ്പറ്റിയും കർഷകർക്കും വിദ്യാർത്ഥികൾക്കും അവബോധം വളർത്തുന്നതിനായി ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ 'സുരക്ഷിത പച്ചക്കറി കൃഷിക്ക് മാർഗ്ഗരേഖ' എന്ന കൈപുസ്തകം പാലക്കാട് ജില്ലയിലെ സ്കൂളുകളും കൃഷിഭവനുകളുംവഴി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ 2013-14, 2014-15 വർഷങ്ങളിൽ വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് എന്ന പദ്ധതിവഴി ധനസഹായം നൽകുകയും, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം മുഖേന പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുകയും രാസവളങ്ങളുടെയും കീടനാശിനികളുടെയും അനിയന്ത്രിതമായ ഉപയോഗം നിയന്ത്രിക്കുന്നതിന് ക്യാമ്പയിനുകളും പരിശീലന ക്ലാസ്സുകളും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിലെ എല്ലാ കൃഷിഭവനുകൾമുഖേനയും ഗ്രോ ബാഗുകളുടെ വിതരണം നടത്തുന്നുണ്ട്. പാലക്കാട് ജില്ലയിൽ ആകെ 50000 ഗ്രോ ബാഗുകളാണ് വിതരണം ചെയ്യുന്നത്.

(സി) 2,000 രൂപ വില വരുന്ന 25 ഗ്രോ ബാഗുകൾ 75 ശതമാനം സബ്സിഡി നിരക്കിൽ 500 രൂപയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly